LIBRARY ARCHIVES Kerala Legislative Assembly

വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ചെലവും ഭാവി വരുമാനവും

111 (2930) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിക്ക് ഭൂമി ഏറ്റെടുക്കൽ, റോഡ്, റെയിൽ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്കായി എത്ര കോടിരൂപ ചെലവ് കണക്കാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) തുറമുഖ നിർമ്മാണവും പ്രവർത്തനവുമായി ബന്ധപ്പെട്ട് കണക്കാക്കപ്പെട്ട ചെലവ് എത്രയെന്നും ഇതിൽ എത്ര കോടി രൂപ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുവഴി അദാനിക്ക് നൽകേണ്ടതുണ്ട് എന്നും വെളിപ്പെടുത്തുമോ ;

(സി) പദ്ധതി തുകയുടെ എത്ര ശതമാനം തുക കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നൽകേണ്ടതുണ്ട് എന്ന് വിശദമാക്കുമോ ;

(ഡി) പുതിയ കൺസ്യൂക്ഷൻ എഗ്രിമെന്റ് പ്രകാരം 20-ാം വർഷം മുതൽ ഓരോ വർഷവും തുറമുഖ വരുമാനത്തിന്റെ എത്ര ശതമാനം സംസ്ഥാനത്തിന് ലഭിക്കേണ്ടതുണ്ടെന്ന് വിശദീകരിക്കുമോ ;

(ഇ) 20-ാം വർഷത്തിൽ സംസ്ഥാനത്തിന് ലഭിക്കുന്ന തുക, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആദ്യഘട്ടത്തിൽ പദ്ധതിക്കുവേണ്ടി അദാനിക്കു നൽകുന്ന 32.5 ശതമാനം തുകയുടെ പലിശയേക്കാൾ കൂടുതലായിരിക്കുമോയെന്നു വ്യക്തമാക്കുമോ ;

(എഫ്) അദാനി പോർട്ട്സ് പദ്ധതി രേഖയിൽ കണക്കാക്കിയ 20 വർഷം മുതൽ 60 വർഷം വരെയുള്ള വരുമാനം എത്ര കോടി വീതമാണ് ; വിശദമാക്കാമോ ?

ഉത്തരം

(എ) 2093 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഇതിൽ 120 കോടി രൂപ ചെലവുള്ള റോഡ് പി.പി.പി. ഘടകത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) കരാർ പ്രകാരം വിഴിഞ്ഞം പദ്ധതിയിൽ തുറമുഖത്തിന് മാത്രമായുള്ള ആകെ തുക 5552 കോടി രൂപയാണ്. ഇതിൽ 4089 കോടി രൂപ പി.പി.പി. ഘടകവും 1463 കോടി രൂപ സർക്കാർ ചെലവിൽ നിർമ്മിക്കുന്ന ഫണ്ടഡ് വർക്കായ ബ്രേക്ക്വാട്ടറിന്റെ തുകയുമാണ്.

പി.പി.പി. ഘടകത്തിൽ സ്വകാര്യ പങ്കാളിക്ക് 40% സഹായധനത്തിന് അർഹതയുണ്ട്. ബിഡ്ഡർ ആവശ്യപ്പെട്ട സഹായധനം 1635 കോടി രൂപയാണ്.

ഇതിൽ പി.പി.പി. ഘടകത്തിന്റെ 30% സഹായധനം 1226.7 കോടി രൂപ "Equity Support"- ആയി നിർമ്മാണ ഘട്ടത്തിലും, 408.3 കോടി രൂപ "O&M Support" ആയി നടത്തിപ്പു കാലയളവിലും സ്വകാര്യ പങ്കാളിക്കു നൽകേണ്ടതാണ്.

കേന്ദ്ര സർക്കാർ നിർമ്മാണ കാലയളവിൽ 817.8 കോടി രൂപ ചെലവ് സഹായധനമായി നൽകും (പി.പി.പി. ഘടകത്തിന്റെ 20%).

സംസ്ഥാന സർക്കാർ നിർമ്മാണ കാലയളവിൽ 1463 കോടി രൂപയുടെ ഫണ്ടഡ് വർക്കിന്റെ ചെലവ് വഹിക്കും. ഒപ്പം 408.9 കോടി രൂപ ചെലവ് സഹായധനമായി (പി.പി.പി. ഘടകത്തിന്റെ 10%) നൽകും. നിർമ്മാണ കാലയളവിൽ സംസ്ഥാന സർക്കാരിന്റെ ചെലവ് 1871.9 കോടി രൂപയാണ്. (1463+408.9).

സംസ്ഥാന സർക്കാർ നടത്തിപ്പു കാലയളവിൽ 408.3 കോടി രൂപ സഹായ ധനമായി നൽകും.

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ പദ്ധതിയുടെ മൊത്തം ചെലവായ 5552 കോടി രൂപയുടെ 51.5% ആയ 2690 കോടി രൂപ നിർമ്മാണ ഘട്ടത്തിൽ ചെലവാക്കും. ബാഹ്യ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള 1973 കോടി രൂപ കൂടി ഉൾപ്പെടുത്തുമ്പോൾ സർക്കാരുകളുടെ വിഹിതം 4663 കോടി രൂപ യാണ്. അതായത് 7525 കോടി രൂപയുടെ 62%.

(ഡി) ടോറമുഖ നടത്തിപ്പിന്റെ പതിനഞ്ചാംവർഷം മുതൽ (കരാറിന്റെ പത്തൊമ്പതാം വർഷം) സംസ്ഥാന സർക്കാരിന് ടോറമുഖത്തിന്റെ നടത്തിപ്പിൽ നിന്നുള്ള വരുമാനത്തിന്റെ വിഹിതം ലഭിച്ചു തുടങ്ങും. ഇരുപതാം വർഷം ഈ വിഹിതം ഒരു ശതമാനവും പിന്നീടുള്ള ഓരോ വർഷവും ഒരു ശതമാനം വീതംകൂടി കരാർ കാലാവധി പൂർത്തിയാകുന്ന നാൽപ്പതാം വർഷം ഇരുപത്തി ഒന്ന് ശതമാനം വരെ ഉയരും.

ടോറമുഖേതര പ്രവർത്തനങ്ങളായ പോർട്ട് എസ്റ്റേറ്റ് ഡെവലപ്പ്മെന്റിന്റെ ആകെ മൊത്തവരുമാനത്തിന്റെ 10% ടോറമുഖ നടത്തിപ്പിന്റെ ഏഴാം വാർഷികം മുതൽ സംസ്ഥാന സർക്കാരിന് ലഭിക്കും.

(ഇ) ഇത്തരം ബൃഹത്തായ അടിസ്ഥാന സൗകര്യ വികസന പദ്ധതികളെ പലിശ കണക്കുകളിലൂടെയല്ല സർക്കാരുകൾ വിലയിരുത്തുന്നത്. അതിനാൽ പലിശ എത്ര കോടി രൂപ ആയിരിക്കുമെന്ന് പരിശോധന നടത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ ചെലവാക്കുന്ന തുകയ്ക്ക് സർക്കാരിന് ലഭിക്കുന്ന മറ്റ് സാമ്പത്തിക നേട്ടങ്ങൾ വിശകലനം ചെയ്താൽ അതായത് ഒരു Social Cost Benefit Analysis നടത്തിയാൽ ഈ മുതൽമുടക്കിന് 12 ശതമാനത്തിൽ കൂടുതൽ Economic Rate of Return (ERR) നൽകുന്നുണ്ടെന്ന് തുറമുഖ കമ്പനി നടത്തിയ പഠനങ്ങൾ വ്യക്തമാക്കുന്നുണ്ട്.

(എഫ്) അദാനി പോർട്ട്സ് പദ്ധതി വരുമാനം കണക്കാക്കിയ പദ്ധതി രേഖ സമർപ്പിച്ചിട്ടില്ല. ടെണ്ടർ നടപടിക്രമങ്ങൾ അനുസരിച്ച് ബിഡ് രേഖകൾക്കൊപ്പം വരുമാനം കണക്കാക്കിയ പദ്ധതി രേഖ ബിഡ്ഡേഴ്സ് സമർപ്പിക്കേണ്ടതില്ല.

കരാർ പ്രകാരം കൺസഷണയർക്ക് ലഭിക്കുന്ന മൊത്തം വരുമാനത്തിന്റെ വിഹിതം സംസ്ഥാന സർക്കാരിന് ഉണ്ടായിരിക്കുന്നതാണ്. തുറമുഖ നടത്തിപ്പിന്റെ പതിനഞ്ചാം വർഷം മുതൽ (കരാറിന്റെ പത്തൊമ്പതാം വർഷം) സംസ്ഥാന സർക്കാരിന് തുറമുഖത്തിന്റെ നടത്തിപ്പിൽ നിന്നുള്ള വരുമാനത്തിന്റെ വിഹിതം ലഭിച്ചുതുടങ്ങും. ഇരുപതാം വർഷം ഈ വിഹിതം ഒരു ശതമാനവും പിന്നീടുള്ള ഓരോ വർഷവും ഒരു ശതമാനം വീതം കൂടി കരാർ കാലാവധി പൂർത്തിയാകുന്ന നാൽപ്പതാം വർഷം ഇരുപത്തിഒന്ന് ശതമാനം വരെ ഉയരും.

തുറമുഖേതര പ്രവർത്തനങ്ങളായ പോർട്ട് എസ്റ്റേറ്റ് ഡെവലപ്പ്മെന്റിന്റെ ആകെ മൊത്ത വരുമാനത്തിന്റെ 10% തുറമുഖ നടത്തിപ്പിന്റെ ഏഴാം വാർഷികം മുതൽ സംസ്ഥാന സർക്കാരിന് ലഭിക്കും.

വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട്

112 (2931) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ആദ്യമായി ഇന്ത്യാ ഗവൺമെന്റിന് സമർപ്പിച്ചത് എപ്പോഴാണ് ;

(ബി) പദ്ധതിയുടെ പാരിസ്ഥിതികാനുമതിക്കായി ഇന്ത്യാ ഗവൺമെന്റിന് അപേക്ഷ സമർപ്പിച്ചത് എപ്പോഴാണ് ;

(സി) ഏണസ്റ്റ് ആന്റ് യങ്ങിനെ ഫിനാഷ്യൽ കൺസൾട്ടന്റായി നിശ്ചയിച്ചതെപ്പോഴാണ് ;

(ഡി) എസ്.ബി.ഐ. ക്യാപ്പിറ്റലിനെ ഫണ്ട് മാനേജരായി നിശ്ചയിച്ചതെപ്പോഴാണ് ;